പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1569 14/07/2016 ലെ മറുപടിക്ക്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാറക്കൽ അബ്ദുള്ള | ശ്രീ.തോമസ് ഐസക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |

**നികുതികളുടെയും തീരുവകളുടെയും സംസ്ഥാനവിഹിതം ലഭിക്കുന്നതിനുള്ള നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| (എ) ഭരണഘടനയുടെ 268, 269 അനുച്ഛേദങ്ങളിൽ പരാമർശിച്ചതൊഴികെ കേന്ദ്ര പട്ടികയിൽ പറയുന്ന എല്ലാ നികുതികളുടെയും തീരുവകളുടെയും സംസ്ഥാനവിഹിതം കേന്ദ്രം നിർബന്ധമായും നൽകണമെന്ന് വ്യവസ്ഥയുണ്ടോ ; | ഭരണഘടനയുടെ 268, 269 അനുച്ഛേദങ്ങളിൽ പരാമർശിച്ചത് കൂടാതെ അനുച്ഛേദം 270 ലും, എല്ലാ നികുതികളുടെയും തീരുവകളുടെയും സംസ്ഥാനവിഹിതം കേന്ദ്രം നിർബന്ധമായും നൽകണമെന്ന് വ്യവസ്ഥയുണ്ട്. |
| (ബി) എന്നാൽ പിരിച്ചെടുത്ത നികുതികളുടെയും തീരുവകളുടെയും സംസ്ഥാന വിഹിതം കേന്ദ്ര സർക്കാർ ഇനിയും സംസ്ഥാനങ്ങൾക്ക് നൽകിയിട്ടില്ലെന്ന സി.എ.ജി. യുടെ കണ്ടെത്തൽ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. സി& എ.ജി യുടെ 2013 മാർച്ചിലെ സംസ്ഥാന സമ്പദ് വ്യവസ്ഥയെ ക്കുറിച്ചുള്ള ഓഡിറ്റ് റിപ്പോർട്ടിൽ 2010-13 കാലയളവിൽ സംസ്ഥാനത്തിന് ലഭിയ്ക്കേണ്ടിയിരുന്ന കേന്ദ്രവിഹിതത്തിന്റെ 29% കുറവുള്ളതായും 2015 മാർച്ചിലെ റിപ്പോർട്ടിൽ (2010-15) ഇത് 18% ആയി കുറഞ്ഞതായും കണ്ടെത്തിയിട്ടുണ്ട്. |
| (സി) കുടിശ്ശിക കൊടുത്തു തീർക്കാത്തത് ഭരണഘടനാവിരുദ്ധമായ നടപടിയാണെന്ന് ചൂണ്ടിക്കാട്ടി സി.എ.ജി. കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് കത്തയക്കുകയുണ്ടായോ ; | ഇക്കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) എങ്കിൽ പ്രസ്തുത തീരുവയിൽ നിന്നും സംസ്ഥാനവിഹിതം ലഭ്യമാക്കുവാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ; വിശദാംശങ്ങൾ നൽകുമോ ? | സംസ്ഥാനത്തിന് അർഹതപ്പെട്ട നികുതി വിഹിതം ലഭിക്കുന്നതിന് വേണ്ട പരിശ്രമം നടത്തും. |

സെക്ഷൻ ഓഫീസർ